ശബരിമല : ഐ & പിആർഡി മീഡിയ സെൻറർ സന്നിധാനം
24-11-2025

## ശബരിമലയുടെ സുരക്ഷ ഉറപ്പാക്കി സി.സി.ടി.വി വലയം

മണ്ഡല-മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമലയിലും അനുബന്ധ കേന്ദ്രങ്ങളിലും ഒരുക്കിയിട്ടുള്ളത് അതീവ സുരക്ഷാ സന്നാഹങ്ങൾ. തീർത്ഥാടകരുടെ സുരക്ഷിതമായ യാത്രയും ദർശനവും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ സന്നിധാനവും പരിസര പ്രദേശങ്ങളും 24 മണിക്കൂറും നിരീക്ഷണ വലയത്തിലാണ്. ഇതിനായി പോലീസ്, ദേവസ്വം ബോർഡ് അധികൃതർ സംയുക്തമായി 450-നടുത്ത് സി.സി.ടി.വി. ക്യാമറകളാണ് പ്രധാനകേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്നത്.

പോലീസിന്റെയും ദേവസ്വം ബോർഡിന്റെയും നേതൃത്വത്തിൽ പ്രത്യേകം സജ്ജീകരിച്ച കൺട്രോൾ റൂമുകൾ മുഖേനയാണ് ഈ നിരീക്ഷണ സംവിധാനം ഏകോപിപ്പിക്കുന്നത്. 24 മണിക്കൂറും കണ്ണിമവെട്ടാതെ ശബരിമലയുടെ മുക്കും മൂലയും ഈ കൺട്രോൾ റൂമുകളിൽ നിരീക്ഷിക്കപ്പെടുന്നു. ഏതെങ്കിലും തരത്തിലുള്ള അടിയന്തര സംഭവങ്ങളോ തിരക്ക് വർധിക്കുന്ന സാഹചര്യങ്ങളോ ഉണ്ടായാൽ ഉടനടി നടപടിയെടുക്കാൻ ഈ സംവിധാനം ഏറെ സഹായകരമാണ്.

പോലീസ് സംവിധാനത്തിന്റെ ഭാഗമായി ചാലക്കയം മുതൽ പാണ്ടിത്താവളം വരെ പ്രധാന ഇടങ്ങളെല്ലാം ഉൾക്കൊള്ളുന്ന വിധത്തിൽ 90-നടുത്ത് ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. തീർത്ഥാടന പാതയിലും പ്രധാന വിശ്രമ കേന്ദ്രങ്ങളിലുമായി കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് ദേവസ്വം ബോർഡ് 345 ക്യാമറകൾ ക്രമീകരിച്ചിരിക്കുന്നു. മരക്കൂട്ടം, നടപ്പന്തൽ, സോപാനം, ഫ്ളൈ ഓവർ, മാളികപ്പുറം, പാണ്ടിത്താവളം ഉൾപ്പെടെയുള്ള പരമാവധിയിടങ്ങൾ

നിരീക്ഷണ പിരിധിയിൽ കൊണ്ടുവരും വിധമാണ് ദേവസ്വം ബോർഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്. പോലീസും ദേവസ്വം ബോർഡും പരസ്പരം സഹകരിച്ച് വിവരങ്ങൾ പങ്കുവെക്കുകയും സംയുക്തമായി പ്രവർത്തിക്കുകയും ചെയ്യുന്നതിലൂടെയാണ് ഈ പഴുതടച്ച സുരക്ഷാ നിരീക്ഷണം സാധ്യമാക്കുന്നത്.

ഈ സംവിധാനം വഴി തിരക്ക് നിയന്ത്രിക്കുന്നതിനും നിയമലംഘനങ്ങൾ തടയുന്നതിനും ആവശ്യമെങ്കിൽ പെട്ടെന്നുള്ള രക്ഷാപ്രവർത്തനങ്ങൾക്കും അധികൃതർക്ക് സാധിക്കും. ഇത് ഭക്തർക്ക് പൂർണ്ണ സുരക്ഷിതത്വവും ആത്മവിശ്വാസവും നൽകുന്നു.

## ഭക്തരുടെ ദാഹമകറ്റാൻ വാട്ടർ അതോറിറ്റിയുടെ വിപുലമായ ക്രമീകരണം

ശബരിമല തീർത്ഥാടനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് ശുദ്ധമായ കുടിവെള്ളം തടസ്സമില്ലാതെ ലഭ്യമാക്കാൻ വാട്ടർ അതോറിറ്റി ഒരുക്കിയിരിക്കുന്നത് വിപുലമായ ക്രമീകരണങ്ങൾ. പമ്പ മുതൽ സന്നിധാനത്തിന് തൊട്ടുമുൻപ് നടപ്പന്തൽ വരെയും നിലയ്ക്കലിലും അത്യാധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിലാണ് കുടിവെള്ള വിതരണം ഉറപ്പാക്കുന്നത്.

*ഹൈടെക് ശുദ്ധീകരണവും വിതരണവും

ഭക്തർക്ക് ശുദ്ധജലം എത്തിക്കുന്നതിനായി പമ്പ ത്രിവേണിയിൽ മണിക്കൂറിൽ 35,000 ലിറ്റർ ഉത്പാദന ശേഷിയുള്ള 13 എം.എൽ.ഡി പ്രഷർ ഫിൽട്ടർ പ്ലാന്റ് സജ്ജീകരിച്ചിട്ടുണ്ട്. ലോകോത്തര നിലവാരത്തിലുള്ള യു.വി. (അൾട്രാ വയലറ്റ്) ആർ.ഒ (റിവേഴ്സ് ഓസ്മോസിസ്) സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ജലശുദ്ധീകരണം നടത്തുന്നത്.

പമ്പ മുതൽ നടപ്പന്തൽ വരെ 105 കുടിവെള്ള കിയോസ്കുകളാണ് സ്ഥാപിച്ചിരിക്കുന്നത്. കുടിവെള്ള വിതരണം തടസ്സരഹിതമാക്കാൻ വിവിധ ഇടങ്ങളിലായി പത്ത് ടാങ്കുകളും ക്രമീകരിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങൾ വഴി കുടിവെള്ളം ഓരോ കിയോസ്കുകളിലും സുഗമമായി എത്തുന്നു. കിയോസ്കുകളുടെ പരിപാലനവും കൃത്യമയി അധികൃതർ

ഉറപ്പാക്കുന്നുണ്ട്. ശബരിമലയിൽ മാത്രം ഇതിനായി 80 താൽക്കാലിക ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത്.

*ഉന്നത ഗുണനിലവാരം

വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഉന്നത ഗുണനിലവാരം ഉറപ്പാക്കാൻ അതോറിറ്റി കർശന പരിശോധനകൾ നടത്തുന്നുണ്ട്. പമ്പയിൽ സജ്ജീകരിച്ചിട്ടുള്ള എൻ.എ.ബി.എൽ അക്രഡിറ്റഡ് ലാബ് വഴി കൃത്യമായ പരിശോധനകൾക്കു ശേഷമാണ് കിയോസ്കുകളിലേക്ക് വെള്ളം എത്തിക്കുന്നത്.

*നിലയ്ക്കലിൽ പുതിയ സംവിധാനം

പമ്പയെ ആശ്രയിക്കാതെ നിലയ്ക്കലിലെ വിതരണം ഇത്തവണ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിഞ്ഞു. നേരത്തെ പമ്പയിൽ നിന്ന് ടാങ്കറുകളിൽ ജലമെത്തിച്ചാണ് വിതരണം നടത്തിയിരുന്നത്. എന്നാൽ സീതത്തോട്ടിൽ പുതിയ പ്ലാന്റ് സ്ഥാപിച്ചതോടെ ഇവിടെ നിന്ന് നേരിട്ടാണ് ഇക്കുറി നിലയ്ക്കലിലേക്ക് വെള്ളം എത്തിക്കുന്നത്.  13 എം.എൽ.ഡി. പ്ലാന്റാണ് ഇവിടെയും ജലശുദ്ധീകരണത്തിനായി ഉള്ളത്. മണിക്കൂറിൽ 27,000 ലിറ്ററാണ് ശേഷി. നിലയ്ക്കലിൽ 88 കിയോസ്കുകൾ വഴിയാണ് കുടിവെള്ളം വിതരണം  ചെയ്യുന്നത്. അടിയന്തര സാഹചര്യങ്ങളിൽ മാത്രം ടാങ്കറുകൾ ഉപയോഗിക്കാനുള്ള സംവിധാനമാണ് ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്നത്.

നടപ്പന്തലിലും സന്നിധാനത്ത് വിവിധ ഭാഗങ്ങളിലും 'ശബരീ തീർത്ഥം' പദ്ധതി വഴി ദേവസ്വം ബോർഡ് നേരിട്ടു സ്ഥാപിച്ചിരിക്കുന്ന കിയോസ്ക്കുകൾ വഴിയാണ് കുടിവെള്ളം നൽകുന്നത്. ഈ സമഗ്രമായ കുടിവെള്ള വിതരണ സംവിധാനം അയ്യപ്പഭക്തർക്ക്  ഏറെ ആശ്വാസകരമാണ്.